# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1818 06/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) സ്വന്തമായി വീടു വയ്ക്കാൻ സ്ഥലമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പാർപ്പിടപ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പദ്ധതികളും നടപടികളും വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"-യ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിട്ടുണ്ട്. ടി പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) മത്സ്യത്തൊഴിലാളികളെ തീരദേശങ്ങളിൽ നിന്ന് മാറ്റി ഭൂമിയില്ലാത്തതിന്റെ പേരിൽ മറ്റു ദേശങ്ങളിൽ പാർപ്പിക്കേണ്ട സ്ഥിതി വിശേഷം നിലവിലുണ്ടോ; ഇവരെ തീരപ്രദേശത്തു തന്നെ താമസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ആഫീസർ**